(ബി) ഇതിനായി എന്തു തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ :

(സി) പെരിങ്ങളം നിയോജക മണ്ഡലത്തിലെ പെരങ്ങത്തൂർ, മാഹി എന്നീ പുഴയോരങ്ങൾ സംരക്ഷിക്കാൻ എന്തുതുക നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പുഴയോരങ്ങൾ സംരക്ഷിക്കുന്നതിന് Critical anti-river erosion works in coastal and other than Ganga Basin States എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിച്ചിരുന്നു. ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. അതിനാൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ചുള്ള പുഴയോര സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു.

(ബി) 2004-05 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ കണക്കിനത്തിൽ 610.75 ലക്ഷം രൂപയും, പ്ലാൻ കണക്കിനത്തിൽ 229.29 ലക്ഷം രൂപയും പുഴയോരങ്ങളുടെ സംരക്ഷണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഇതിനായി ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല.

പാനൂർ, മാഹി കനാലുകളുടെ പുനരുദ്ധാരണം

81 (3270) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം കനാലുകളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി എന്തുതുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(ബി) പഴശ്ശി കനാലിന്റെ ഭാഗമായ പാനൂർ, മാഹി എന്നീ കനാലുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ :

(സി) ഇതിനായി എന്തുതുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രസ്തുത പണിക്കായി പ്രോജക്ട്-I വിഭാഗത്തിൽ 1483.40 ലക്ഷം രൂപയും പ്രോജക്ട്-II വിഭാഗത്തിൽ 2128.2 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മാഹി ബ്രാഞ്ചിന്റെ 23 കി.മീ. ദൂരവും പാനൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 2 കി. മീറ്ററും പുനരുദ്ധരിക്കുവാൻ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2.23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly